പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 358 — 19.03.2013-ൽ മറുപടിയ്ക്ക്

## വൈദ്യുതി ബോർഡിന്റെ 2011-2012-ലെ പ്രവർത്തനം

| ചോദ്യം<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
|---|---|
| (എ) വൈദ്യുതി ബോർഡിന്റെ കണക്കു പ്രകാരം 2011-12 സാമ്പത്തിക വർഷത്തിൽ വൈദ്യുതി ബോർഡിന് ലാഭമോ, നഷ്ടമോ കണക്കാക്കിയിട്ടുണ്ടോ; എത്രയെന്ന് വിശദമാക്കുമോ ; | (എ) വൈദ്യുതി ബോർഡിന്റെ കണക്കുകൾ പ്രകാരം 2011-12 സാമ്പത്തിക വർഷത്തിൽ, വൈദ്യുതി ബോർഡിന്റെ റവന്യൂ കമ്മി,1934.13 കോടി രൂപയാണ്. |
| (ബി) കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറലിന്റെ കണക്കു പ്രകാരം 1693 കോടി രൂപ നഷ്ടമുണ്ടെന്നത് ശരിയാണോ ; വ്യക്തമാക്കുമോ ; | (ബി) നിലവിലുള്ള നിയമപ്രകാരം 2011-12 വർഷത്തേയ്ക്ക് 240.71 കോടി രൂപ ലാഭമായി കണക്കാക്കിയിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിലെ, ബോർഡിന്റെ ആകെ റവന്യൂ കമ്മിയായ 1934.13 കോടി രൂപയിൽ നിന്നും, മേൽപറഞ്ഞ 240.71 കോടി രൂപ തട്ടികിഴിച്ചതിനു ശേഷമുള്ള സഞ്ചിത നഷ്ടം 1693.42 കോടി രൂപയാണ്. |
| (സി) പ്രസ്തുത നഷ്ടം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് ബോർഡ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ? | (സി) 2011-12 ലെ റവന്യൂകമ്മി റഗുലേറ്ററി അസ്സറ്റ് ആയി കണക്കാക്കി, ടി കമ്മി നികത്തുന്നതിന്, 2012-13 ലും, 2013-14 ലും , താരിഫ് പെറ്റിഷൻ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ, നിയമപ്രകാരം, അനുവദിച്ച "Depreciation, Return on Equity" മുതലായ തുകകളും, ടി കാലയളവിലെ റവന്യൂകമ്മി മുഖാന്തിരമുണ്ടായ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് ഉപയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.